

വ്യവസായ വാണിജ്യ വകുപ്പ്

# സേവനങ്ങളും പദ്ധതികളും

# സംരംഭകർക്കുള്ള കൈപ്പുസ്തകം

## വ്യവസായ വാണിജ്യ വകുപ്പ്

# സേവനങ്ങളും പദ്ധതികളും

## സംരംഭകർക്കുള്ള കൈപ്പുസ്തകം

128-292-2023 - 1

# ഉള്ളടക്കം


1. നാനോ യൂണിറ്റുകൾക്കുള്ള മാർജിൻ മണി ഗ്രാന്റ്......5
2. പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP)......5
3. സംരംഭകസഹായ പദ്ധതി (ഇ.എസ്.എസ്)......6
4. ആശ (ASHA- Assistance Scheme For Handicraft Artisans)......6
5. പി എം എഫ് എം ഇ (PMFME PM Formalisation of Micro Food Processing Enterprises)......7
6. ഒരു കുടുംബം ഒരു സംരംഭം പദ്ധതി......7
7. സ്വകാര്യ വ്യവസായ പാർക്കുകൾ......7
8. സൂക്ഷ്മ ചെറുകിട സംരംഭങ്ങളെ സ്കെയിൽഅപ്പ് ചെയ്യുന്നതിനുള്ള പദ്ധതി......8
9. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ പ്രാദേശിക വിപണി വികസിപ്പിക്കുന്നതിനുള്ള പദ്ധതി......8
10. സംരംഭങ്ങളും എ പി ജെ അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയും തമ്മിലുള്ള ലിങ്കേജ്......9
11. മാനുഫാക്ചറിംഗ് സ്റ്റാർട്ടപ്പ് കൾക്കുള്ള സഹായം......9
12. "ഗവൺമെന്റ് ഇ-മാർക്കറ്റ്" (GeM) പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നതിനായി സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് സഹായം......10
13. MSME ഇൻഷുറൻസ് പദ്ധതി......10
14. അടിസ്ഥാന സൗകര്യ വികസനം......11
15. ബഹുനില വ്യവസായ എസ്റ്റേറ്റ്......11
16. ഇ.ഡി. ക്ലബ്ബുകൾ......11
17. ക്ലസ്റ്റർ വികസന പദ്ധതി......11
18. പ്രദർശന മേളകൾ......11
19. വാണിജ്യ മിഷൻ......12
20. പരാതി പരിഹാരം......12
21. സേവനങ്ങൾ പൂർണമായും ഓൺലൈൻ......12
22. എം.എസ്.എം.ഇ ക്ലിനിക്ക്......12
23. എം എസ് എം ഈ ഫെസിലിറ്റേഷൻ സെന്റർ......13

24. വ്യവസായ ജാലകം - കേരള എം.എസ്.എം.ഇ ജിയോ പോർട്ടൽ..........
25. ഹെല്പ് ഡെസ്ക്..........13
26. ഓൺലൈൻ മാർക്കറ്റിംഗ് പോർട്ടൽ..........13
27. ഭൗമസൂചിക പോർട്ടൽ..........14
28. ഡാറ്റ എൻട്രി പോർട്ടൽ..........14
29. ചാറ്റ് വിത്ത് മിനിസ്റ്റർ..........14
30. ONDC Network..........14
31. KIED വഴി നടപ്പിലാക്കുന്ന പരിശീലന പരിപാടികൾ..........15
..........15

**കേരള സംസ്ഥാന വ്യവസായ വികസന കോർപറേഷൻ ( കെ.എസ്. ഐ. ഡി.സി )**..........18
1. സി എം സ്പെഷ്യൽ അസ്സിസ്റ്റൻസ് സ്കീം..........18
2. ഠേം ലോൺ..........18
3. യന്ത്ര സാമഗ്രികൾ വാങ്ങുന്നതിനുള്ള വായ്പ..........18
4. കോർപ്പറേറ്റ് ലോൺ..........19
5. പ്രവർത്തനമൂലധനവായ്പ..........19
6. ബിൽ ഡിസ്കൗണ്ടിങ്..........20
7. വി മിഷൻ..........20
8. സീഡ് ഫണ്ട് പദ്ധതി..........20
9. സ്കെയിൽ അപ്പ് പദ്ധതി..........20
10. കെ-സ്വിഫ്റ്റ് (K-SWIFT)..........21
11. കെ-സ്വിഫ്റ്റ് അക്നോളഡ്ജ്മെന്റ് സർട്ടിഫിക്കറ്റ്..........22
12. ഇൻവെസ്റ്റ് കേരള ഹെല്പ് ഡെസ്ക്..........23

## 1. നാനോ യൂണിറ്റുകൾക്കുള്ള മാർജിൻ മണി ഗ്രാന്റ്

ഉല്പാദന മേഖലയിലും, സേവന മേഖലയിലും ആകെ മുതൽമുടക്ക് 10 ലക്ഷം രൂപ വരെയുള്ള സംരംഭങ്ങൾക്ക് ഈപദ്ധതിയുടെ സഹായം ലഭിക്കും. വായ്പാബന്ധിത പദ്ധതിയാണിത്.

| ഗുണഭോക്താവിന്റെ വിഭാഗം | സ്വന്തം മുതൽ മുടക്ക് | ബാങ്ക് വായ്പ | സബ്സിഡി നിരക്ക് |
|---|---|---|---|
| പൊതുവിഭാഗം | 30% | 40% | 30% |
| മുൻഗണനവിഭാഗം (സ്ത്രീകൾ, ഭിന്നശേഷിക്കാർ, പട്ടികജാതി, പട്ടികവർഗ്ഗം, വിമുക്തഭടന്മാർ യുവസംരംഭകർ (40 വയസ്സ് വരെ) | 20% | 40% | 40% |

## 2. പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP)

തൊഴിലും ഉത്പാദനവും വർദ്ധിപ്പിയ്ക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള കേന്ദ്രസർക്കാർ പദ്ധതിയാണിത്. ഉൽപ്പാദന മേഖലയിൽ 50 ലക്ഷം രൂപ വരെയും സേവനമേഖലയിൽ 20 ലക്ഷം രൂപ വരെയുമുള്ള പദ്ധതി ചെലവിനുമേൽ സബ്സിഡി നൽകുന്ന വായ്പാബന്ധിത പദ്ധതിയാണിത്. 10 ലക്ഷത്തിൽ കൂടുതലുള്ള ഉൽപ്പാദന സംരംഭങ്ങൾക്കും 5 ലക്ഷത്തിൽ കൂടുതലുള്ള സേവന സംരംഭങ്ങൾക്കും സംരംഭകൻ എട്ടാം ക്ലാസ്സ് പാസ്സായിരിക്കണം. അപേക്ഷയും അനുബന്ധ രേഖകളും www.kviconline.gov.inഎന്ന വെബ്സൈറ്റിലൂടെ അയക്കാവുന്നതാണ്. ജില്ല വ്യവസായകേന്ദ്രം, KVIC, KVIB എന്നി ഏജൻസികളാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

| ഗുണഭോക്താവിന്റെ വിഭാഗം | സ്വന്തം മുതൽ മുടക്ക് | ബാങ്ക് വായ്പ | സബ്സിഡി നിരക്ക് | |
|---|---|---|---|---|
| | | | നഗരം | ഗ്രാമം |
| പൊതുവിഭാഗം | 10% | 90% | 15% | 25% |
| മുൻഗണനവിഭാഗം (സ്ത്രീകൾ, ഭിന്നശേഷിക്കാർ, പട്ടികജാതി, പട്ടികവർഗ്ഗം, ഒബിസി, ന്യൂനപക്ഷ വിഭാഗം, വിമുക്തഭടന്മാർ) | 5% | 95% | 25% | 35% |

## 3. സംരംഭകസഹായ പദ്ധതി (ഇ.എസ്.എസ്)

ഉൽപ്പാദന മേഖലയിലെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് സാമ്പത്തികസഹായം നൽകുന്ന പദ്ധതിയാണിത്.

i. സ്റ്റാർട്ടപ്പ് സപ്പോർട്ട് - ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്ത് ആരംഭിക്കുന്ന സംരംഭങ്ങൾക്ക് അനുവദനീയമായ സഹായത്തിന്റെ 50% പരമാവധി (മൂന്ന് ലക്ഷം രൂപ) സ്ഥാപനം ആരംഭിക്കുന്നതിന് മുൻപായി ധനസഹായം നൽകുന്നു.

ii. നിക്ഷേപ സഹായം - സ്ഥിര നിക്ഷേപങ്ങൾക്ക് താഴെ പറയുന്ന രീതിയിൽ ധനസഹായം നൽകുന്നു.

| ക്രമ നമ്പർ | വിഭാഗം | സഹായം |
|---|---|---|
| 1 | ജനറൽ | 15% (പരമാവധി 30 ലക്ഷം രൂപ) |
| 2 | വനിത/എസ്.സി/എസ്.ടി/യുവസംരംഭകർ/NRK | 25% (പരമാവധി 40 ലക്ഷം രൂപ) |
| 3 | മുൻഗണനാ വിഭാഗത്തിൽപ്പെടുന്ന വ്യവസായങ്ങൾ | 10% (പരമാവധി 10 ലക്ഷം രൂപ) അധിക ധന സഹായം നൽകുന്നു |
| 4 | പിന്നോക്ക ജില്ലകളിലെ സംരംഭങ്ങൾ | 10% (പരമാവധി 10 ലക്ഷം രൂപ) അധിക ധന സഹായം നൽകുന്നു |

iii. സാങ്കേതിക വിദ്യാ സഹായം - സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും സാങ്കേതികവിദ്യ കരസ്ഥമാക്കിയിട്ടുള്ള സ്ഥാപനങ്ങൾക്ക് സ്ഥിര മൂലധന നിക്ഷേപത്തിൻറെ 10% അധിക സബ്സിഡി നൽകുന്നു (പരമാവധി 10 ലക്ഷം രൂപ).

## 4. ആശ (ASHA – Assistance Scheme For Handicraft Artisans)

കരകൗശല മേഖലയിലുള്ള വിദഗ്ധ തൊഴിലാളികൾക്ക് ഈ മേഖലയിൽ സൂക്ഷ്മ സംരംഭങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നു.

| ഗുണ ഭോക്താവിന്റെ വിഭാഗം | സഹായം (സ്ഥിര നിക്ഷേപത്തിൻറെ ) |
|---|---|
| ജനറൽ | 40% പരമാവധി 2 ലക്ഷം |
| യുവാക്കൾ (18-45 വയസ്സുള്ളവർ), സ്ത്രീകൾ, പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗം | 50% പരമാവധി 3 ലക്ഷം |

**അപേക്ഷകൻ കരകൗശല വിദഗ്ധ തൊഴിലാളിയായി രജിസ്റ്റർ ചെയ്തിരിക്കണം.

## 5. പി എം എഫ് എം ഇ (PMFME – PM Formalisation of Micro Food Processing Enterprises)

- കേന്ദ്ര ഫുഡ് പ്രോസസ്സിംഗ് മന്ത്രാലയത്തിന്റെ കേന്ദ്രാവിഷ്കൃത പദ്ധതിയാണിത്.
- സൂക്ഷ്മ ഭക്ഷ്യ സംസ്ക്കരണ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിലവിലെ സംരംഭങ്ങൾ വികസിപ്പിക്കുന്നതിനുമുള്ള സഹായം - സ്ഥിര മൂലധന നിക്ഷേപത്തിൻറെ 35% പരമാവധി 10 ലക്ഷം രൂപ.
- പൊതു അടിസ്ഥാന സൗകര്യങ്ങൾ സ്ഥാപിക്കുന്നതിനുള്ള സഹായം - FPOs/സ്വാശ്രയ സംഘങ്ങൾ/സഹകരണ സ്ഥാപനങ്ങൾ/ പ്രൊഡ്യൂസർ കോപ്പറേറ്റീവ്സ്/ സർക്കാർ ഏജൻസികൾ എന്നിവർക്ക് പദ്ധതി വിഹിതത്തിന്റെ 35% പരമാവധി 3 കോടി രൂപാ വരെ സഹായം.

## 6. ഒരു കുടുംബം ഒരു സംരംഭം പദ്ധതി

- ബാങ്ക് വായ്പ എടുത്ത് ആരംഭിക്കുന്ന സംരംഭങ്ങൾക്ക് പലിശയിന്മേൽ സഹായം ലഭ്യമാക്കുന്നതിനുള്ള പ്രത്യേക പദ്ധതി.
- ഉല്പാദന, സേവന, വ്യാപാര മേഖലകളിലെ എല്ലാ പുതിയ സംരംഭങ്ങൾക്കും 10 ലക്ഷം രൂപ വരെയുള്ള ലോൺ തുകയ്ക്ക് (ടേം ലോൺ & പ്രവർത്തന മൂലധന വായ്പ), അഞ്ച് വർഷത്തേക്ക് 6% പലിശ ഇളവിന് അർഹതയുണ്ട്.
- 1/4/2022-നോ അതിനുശേഷമോ പ്രവർത്തനം/ഉൽപ്പാദനം ആരംഭിച്ച എല്ലാ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളും ഈ പദ്ധതിക്ക് കീഴിൽ സഹായത്തിന് അർഹരാണ്.

## 7. സ്വകാര്യ വ്യവസായ പാർക്കുകൾ

- സ്വകാര്യ ഉടമസ്ഥതയിലുള്ള ഭൂമി വ്യാവസായിക ആവശ്യങ്ങൾക്കായി ലഭ്യമാക്കി അത് വഴി പര്യാപ്തമായ ഭൂലഭ്യത ഉറപ്പാക്കുന്നതിനായി സ്വകാര്യ വ്യവസായ പാർക്കുകൾക്ക് അനുവാദവും പ്രോത്സാഹനവും നൽകുന്നു.

- 10 ഏക്കറോ അതിലധികമോ വിസ്തൃതിയുള്ള അനുയോജ്യമായ പ്ലോട്ടുകളിൽ പ്രൈവറ്റ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ വികസിപ്പിക്കുന്നതിനുള്ള അനുമതി.
- 5 ഏക്കറോ അതിലധികമോ വിസ്തൃതിയുള്ള അനുയോജ്യമായ പ്ലോട്ടുകളിൽ സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറികൾക്കുള്ള അനുമതി.
- സ്വകാര്യ വ്യവസായ എസ്റ്റേറ്റുകൾ വികസിപ്പിക്കുന്നതിനു 3 കോടി രൂപ വരെ ധനസഹായം
- വികസിപ്പിക്കുന്ന സ്വകാര്യ വ്യവസായ എസ്റ്റേറ്റുകളിൽ വ്യവസായ ഏകജാലക ക്ലിയറൻസ് ബോർഡുകൾ രൂപീകരിക്കുന്നു.

## 8. സൂക്ഷ്മ ചെറുകിട സംരംഭങ്ങളെ സ്കെയിൽഅപ്പ് ചെയ്യുന്നതിനുള്ള പദ്ധതി

- പ്രവർത്തനക്ഷമമായ MSME സംരംഭങ്ങളെ സ്കെയിൽ അപ്പ് ചെയ്യുന്നതിനുള്ള പദ്ധതി
- ഉല്പാദന മേഖലയിലോ സേവന മേഖലയിലോ ഏർപ്പെട്ടിരിക്കുന്ന എല്ലാ യൂണിറ്റുകൾക്കും അപേക്ഷിക്കാം
- പദ്ധതി പ്രകാരമുള്ള സഹായങ്ങൾ
- വിപുലീകരണത്തിന്റെ ഭാഗമായുള്ള DPR തയ്യാറാക്കുന്നതിന് പരമാവധി 1 ലക്ഷം രൂപ വരെ സഹായം
- വിപുലീകരണ പ്രവർത്തനങ്ങൾക്കായി വേണ്ടി വരുന്ന സ്ഥിര മൂലധന നിക്ഷേപത്തിന്റെ 40% പരമാവധി 2 കോടി രൂപ വരെ സഹായം
- ബാങ്കുകളിൽ നിന്നോ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ പ്രവർത്തന മൂലധന വായ്പ എടുക്കുന്ന സംരംഭങ്ങൾക്ക് ആദ്യ 4 വർഷത്തേക്ക് 50% പലിശ സബ്സിഡി (പരമാവധി 50 ലക്ഷം രൂപ വരെ)

## 9. സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ പ്രാദേശിക വിപണി വികസിപ്പിക്കുന്നതിനുള്ള പദ്ധതി

പ്രാദേശിക വിപണികളിൽ ഉത്പന്നങ്ങൾ വിൽക്കുന്ന സംരംഭങ്ങളെ സഹായിക്കാനുള്ള പദ്ധതി

- ഉൽപ്പന്നം പ്രദർശിപ്പിക്കുന്നതിനും വിപണനം ചെയ്യുന്നതിനും/വിൽക്കുന്നതിനും സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിൽ ഉള്ള സ്ഥലം അനുവദിക്കും. പ്രതിമാസം 10,000 രൂപ പരിധിക്ക് വിധേയമായ മെയ്ന്റനൻസ് ചാർജുകൾ സഹായമായി നൽകും.

- സ്വകാര്യ വ്യക്തികൾ, എൻ.ജി.ഒകൾ എന്നിവരുടെ സ്ഥാപനങ്ങൾ/ മാളുകൾ/ സൂപ്പർമാർക്കറ്റുകൾ എന്നിവിടങ്ങളിൽ പ്രദർശിപ്പിച്ച് വിൽപ്പന നടത്തുന്നതിനുള്ള വാടക/ലീസ് ചെലവ് സഹായമായി നൽകുന്നു. ബ്ലോക്ക് പഞ്ചായത്ത്/മുനിസിപ്പാലിറ്റി/ കോർപ്പറേഷനിൽ യഥാക്രമം പ്രതിമാസം പരമാവധി 5,000/10,000/15,000 രൂപയാണ് സഹായം.
- ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമിന്റെ വികസനം - ചെലവിന്റെ 50% (25,000 രൂപ വരെ)

## 10. സംരംഭങ്ങളും എ പി ജെ അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയും തമ്മിലുള്ള ലിങ്കേജ്

- ഗുണമേന്മയും ഉൽപാദനക്ഷമതയും മെച്ചപ്പെടുത്തുക, യന്ത്രവൽക്കരണം വർദ്ധിപ്പിക്കുക, പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ സ്വീകരിക്കുക, മലിനീകരണം ലഘൂകരിക്കുക തുടങ്ങിയ മേഖലകളിൽ വ്യവസായം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് സാങ്കേതിക പരിഹാരങ്ങൾ നൽകുന്നതിനുള്ള ഗവേഷണം നടത്തുന്നതിന് വിദ്യാർത്ഥികൾക്ക് ഈ പദ്ധതിയിലൂടെ ഗ്രാന്റ് നൽകുന്നു.
- റിസർച്ച് പ്രോഗ്രാമിൽ ഏർപ്പെട്ടിരിക്കുന്ന ഓരോ വിദ്യാർത്ഥിക്കും പരമാവധി 6 മാസത്തേക്ക് പ്രതിമാസം 10,000 രൂപ ഗ്രാന്റ് ലഭിക്കും.
- ഷെഡ്യൂൾ ചെയ്ത സമയക്രമത്തെ അടിസ്ഥാനമാക്കി വിദ്യാർത്ഥികൾ പ്രോജക്റ്റ് പൂർത്തിയാക്കുമ്പോൾ, സർവകലാശാല ഗവേഷണ റിപ്പോർട്ട് സമർപ്പിക്കുന്നു.

## 11. മാനുഫാക്ചറിംഗ് സ്റ്റാർട്ടപ്പ് കൾക്കുള്ള സഹായം

- ഉൽപ്പാദന മേഖലയിൽ നൂതന ആശയങ്ങളുള്ള സ്റ്റാർട്ട് അപ്പ്കളെ കണ്ടെത്തി അവരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രത്യേക പദ്ധതി.
- പദ്ധതി ചെലവിന്റെ 75% വരെ സഹായം (പരമാവധി 10 ലക്ഷം രൂപ)
- ആശയത്തിന്റെ വികസനം മുതൽ പ്രോട്ടോടൈപ്പ് വികസിപ്പിക്കുന്നത് വരെയുള്ള പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്ന ചെലവ് ആണ് പദ്ധതി ചെലവ് ആയി കണക്കാക്കുന്നത്

- നൂതന ആശയങ്ങൾ ജില്ലാതല പ്രോജക്ട് അപ്രൈസൽ കമ്മിറ്റി അംഗീകരിക്കണം
- മൂന്നു ഘട്ടങ്ങളായാണ് സഹായം നൽകുന്നത്.

## 12. "ഗവൺമെന്റ് ഇ-മാർക്കറ്റ്" (GeM) പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നതിനായി സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് സഹായം

- ഇന്ത്യാ ഗവൺമെന്റിന്റെ GeM പോർട്ടലിൽ MSME ഉൽപ്പന്നങ്ങളുടെ രജിസ്ട്രേഷൻ പ്രോത്സാഹിപ്പിക്കുന്നതാണ് പദ്ധതി
- ഒരു സംരംഭത്തിന് GeM പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നതിന് 10,000 രൂപ വരെ ഇൻസെന്റീവ് ലഭിക്കും
- UDYAM പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഉല്പാദന, സേവന മേഖലയിലെ എല്ലാ MSME-കൾക്കും ഈ സ്കീമിന് കീഴിൽ സഹായത്തിന് അർഹതയുണ്ട്

## 13. MSME ഇൻഷുറൻസ് പദ്ധതി

- ഉത്പാദന-സേവന-വ്യാപാര മേഖലകളിൽപ്പെട്ട സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് ഇൻഷുറൻസ് പരിരക്ഷ നൽകുന്ന പദ്ധതി.
- 2023 ഏപ്രിൽ ഒന്നിന് ശേഷം ഇൻഷ്വർ ചെയ്തിട്ടുള്ള സംരംഭങ്ങളുടെ വാർഷിക പ്രീമിയത്തിന്റെ 50% തുക (പരമാവധി 2500 രൂപ) സബ്സിഡി നൽകുന്നു.
- ഇതുവരെ ഇൻഷ്വർ ചെയ്തിട്ടില്ലാത്ത സംരംഭങ്ങൾക്ക് മത്സരാധിഷ്ഠിത നിരക്കിൽ പൊതുമേഖലാ ഇൻഷുറൻസ് കമ്പനികളിൽ നിന്നും ഇൻഷ്വർചെയ്യാനുള്ള ഓൺലൈൻ സംവിധാനം.

ഓൺലൈൻ അപേക്ഷയോടൊപ്പം നൽകേണ്ട രേഖകൾ

- ഉദ്യം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്
- ഇൻഷുറൻസ് പോളിസി ഡോക്യുമെന്റ്
- പ്രീമിയം അടച്ച രസീത്

ഓൺലൈൻ പോർട്ടൽ :
www.msmeinsurance.industry.kerala.gov.in

## 14. അടിസ്ഥാന സൗകര്യ വികസനം

സംരംഭം ആരംഭിക്കാൻ ആവശ്യമായ ഭൂമി സംരംഭകർക്ക് ലഭ്യമാക്കുന്നതിനും അവർക്ക് അടിസ്ഥാന സൗകര്യങ്ങൾ നല്കുന്നതിനുമായി വ്യവസായ വകുപ്പിന് വിവിധ ജില്ലകളിലായി വ്യവസായ എസ്റ്റേറ്റുകളും വ്യവസായ പാർക്കുകളും സജ്ജീകരിച്ചിട്ടുണ്ട് പ്രസ്തുത എസ്റ്റേറ്റുകളിൽ കാലോചിതമായ അടിസ്ഥാന സൗകര്യ വികസനവും അറ്റകുറ്റപ്പണികളും കാലാകാലങ്ങളിൽ നടത്തി വരുന്നുണ്ട്

## 15. ബഹുനില വ്യവസായ എസ്റ്റേറ്റ്

കുറഞ്ഞ സ്ഥലത്ത് കൂടുതൽ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത മുൻ നിർത്തി സംരംഭകർക്ക് വാടകയ്ക്ക് സ്ഥലവും മറ്റ് അടിസ്ഥാന സൌകര്യങ്ങളും നൽകുന്നതിനായി ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമിച്ചു വരുന്നു.

## 16. ഇ.ഡി. ക്ലബ്ബുകൾ

സമൂഹത്തിൽ സംരംഭകത്വ സംസ്ക്കാരം വികസിപ്പിച്ചെടുക്കുന്നതിനുള്ള വിവിധ പദ്ധതികൾ വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. യുവജനങ്ങളിൽ സംരംഭക സംസ്ക്കാരം വികസിപ്പിക്കുന്നതിനായി സ്കൂൾ, കോളേജ് തലങ്ങളിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ ആരംഭിക്കുന്നതിനും അവയ്ക്ക് സംരംഭകവികസന പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള സാമ്പത്തികസഹായം നൽകുകയും ചെയ്യുന്നു. കൂടാതെ സ്റ്റാർട്ടപ്പുകൾക്കുള്ള സേവനങ്ങൾ നൽകുന്നതിനും, ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ബിസിനസ് ഇൻകുബേഷൻ സെന്റർ ആരംഭിക്കുന്നതിനും വകുപ്പ് മുൻഗണന നൽകിയിട്ടുണ്ട്.

## 17. ക്ലസ്റ്റർ വികസന പദ്ധതി

സൂക്ഷ്മ -ചെറുകിട മേഖലയിൽ ഉല്പാദനക്ഷമതയും കാര്യക്ഷമതയും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ക്ലസ്റ്റർ വികസന പദ്ധതി നടപ്പിലാക്കുന്നു. ഒരു പ്രദേശത്ത് സമാന മേഖലയിൽ പ്രവർത്തിക്കുന്ന സംരംഭങ്ങളെ ഈ പദ്ധതിയുടെ കീഴിൽ കൊണ്ടുവരുന്നതിനും അവർക്ക് ആവശ്യമായ പൊതുവായ സേവനങ്ങൾ ലഭ്യമാക്കുന്നതിനും ഇത് ലക്ഷ്യമിടുന്നു.

## 18. പ്രദർശന മേളകൾ

സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിന് സഹായിക്കുന്നതിനായി ജില്ലകളിൽ MSME എക്സിബിഷനുകൾ നടത്തിവരുന്നു. ഇത് കൂടാതെ സംരംഭകർക്ക് ആവശ്യമായ യന്ത്രങ്ങൾ പരിചയപ്പെടുത്തുന്നതിന് സംസ്ഥാന തലത്തിൽ മെഷീനറി എക്സ്പോയും ഭക്ഷ്യ ഉൽപ്പന്നങ്ങളുടെ പ്രദർശനവിപണനത്തിനായി അഗ്രോ ഫുഡ്പ്രൊ യും നടത്തി വരുന്നു

## 19. വാണിജ്യ മിഷൻ

സാമ്പത്തിക വളർച്ച പ്രോത്സാഹിപ്പിക്കുന്നതിനും, വാണിജ്യ മേഖലയിലെ സുസ്ഥിര വികസനത്തിനും കേരളത്തിൽ നിന്നുള്ള സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ ഉൽപ്പന്നങ്ങൾക്കായി ദേശീയ അന്തർ ദേശീയ മാർക്കറ്റുകൾ കണ്ടെത്തുന്നതിനുമായി സംസ്ഥാന സർക്കാർ വാണിജ്യ മിഷൻ രൂപീകരിച്ചിട്ടുണ്ട് .

## 20. പരാതി പരിഹാരം

സംരംഭങ്ങൾ ആരംഭിക്കുന്നതുമായി നടത്തി കൊണ്ട് പോകുന്നതുമായി ബന്ധപ്പെട്ട് സർക്കാരിന്റെ വിവിധ വകുപ്പുകളെ സംബന്ധിക്കുന്ന സംരംഭകരുടെ പരാതികൾ പരിഹരിക്കുന്നതിനും ആവശ്യമെന്ന് കണ്ടാൽ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും ജില്ലാ സംസ്ഥാന തലങ്ങളിൽ പരാതി പരിഹാര കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ പരാതികൾ സ്വീകരിക്കുന്നതിനും അതിന്മേൽ നടപടികൾ സ്വീകരിക്കുന്നതിനുമായി ഒരു ഓൺലൈൻ പോർട്ടൽ ആരംഭിച്ചിട്ടുണ്ട് - www.grievanceredressal.industry.kerala.gov.in

## 21. സേവനങ്ങൾ പൂർണമായും ഓൺലൈൻ

വിവര സാങ്കേതിക വിദ്യയിൽ പ്രത്യേക പരിഗണന നൽകിക്കൊണ്ട് വിവിധ സേവനങ്ങളും, പദ്ധതികളും ഓൺലൈൻ വഴിയാക്കിയിട്ടുണ്ട്. സംരംഭക സഹായ പദ്ധതി ഉൾപ്പെടെയുള്ള എല്ലാ സേവനങ്ങൾക്കുള്ള അപേക്ഷ ഓൺലൈൻ മുഖേനയാണ് സ്വീകരിക്കുന്നത്. വ്യവസായ വാണിജ്യ ഡയറക്ടറേറ്റും, ജില്ലാ വ്യവസായ കേന്ദ്രങ്ങളും താലൂക്ക് വ്യവസായ ഓഫീസുകളും സി.എഫ്.എസ്.സി കളും പൂർണ്ണമായും ഇ - ആഫീസ് സംവിധാനത്തിലേക്ക് മാറി കഴിഞ്ഞിട്ടുണ്ട്. വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴിയുള്ള എല്ലാ സേവനങ്ങളും www.industry.kerala.gov.in എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

## 22. എം.എസ്.എം.ഇ ക്ലിനിക്ക്

സംരംഭകരുടെ സംശയങ്ങൾ ദൂരീകരിക്കുന്നതിനും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ ഉപദേശങ്ങൾ നൽകുന്നതിനുമായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ സ്ഥാപിതമായിട്ടുള്ള സംവിധാനമാണ് എം എസ് എം ഇ ക്ലിനിക്കുകൾ സംശയങ്ങൾ ദൂരീകരിക്കാൻ പ്രാപ്തരായ വിദഗ്ധരുടെ ഒരു പാനൽ ക്രമീകരിച്ചിട്ടുണ്ട്. വിവിധ സംശയങ്ങളുമായി ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ എത്തുന്ന സംരംഭകരെ സംശയം ദുരീകരിക്കുന്നതിന് ഏറ്റവും അനുയോജ്യനായ പാനലിസ്റ്റുമായി കൂടികാഴ്ചയ്ക്കും സംശയദുരീകരണത്തിനും ജില്ലാ

വ്യവസായ കേന്ദ്രം മുഖാന്തിരം സൗകര്യം ചെയ്തു കൊടുക്കുന്നതാണ് ബാങ്കിങ്, ലൈസൻസുകളും അനുമതികളും, പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ, കയറ്റുമതി, ജി എസ് ടി, നിയമം, മാർക്കറ്റിങ്ങ്, സാങ്കേതിക വിദ്യ മുതലായ വിഷയങ്ങളിലായാണ് പാനൽ രൂപീകരിച്ചിട്ടുള്ളത്.

### 23. എം എസ് എം ഇ ഫെസിലിറ്റേഷൻ സെന്റർ

താലൂക്ക് വ്യവസായ ഓഫീസുകളെ, സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകർക്ക് ആവശ്യമായ സഹായങ്ങളും ഉപദേശവും നൽകാൻ സജ്ജമായ എം എസ് എം ഈ ഫെസിലിറ്റേഷൻ സെന്ററുകൾ ആക്കുന്നതിന്റെ ഭാഗമായി പ്രൊഫഷണൽ യോഗ്യതയുള്ള ഓരോ റിസോഴ്സ് പേഴ്സൻ വീതം തെരഞ്ഞെടുത്ത് മതിയായ പരിശീലനം നല്കി നിയമിച്ചിട്ടുണ്ട്.

### 24. വ്യവസായ ജാലകം – കേരള എം.എസ് എം.ഇ ജിയോ പോർട്ടൽ

വ്യവസായ സംരംഭങ്ങളുടെ വിവര ശേഖരണത്തിനും, ഇവർ നേരിടുന്ന പ്രതിബന്ധങ്ങളുടെ വിവരങ്ങൾ ശേഖരിക്കുവാനും വ്യവസായ വികസന ഓഫീസർമാർ സംരംഭങ്ങൾ നേരിട്ട് സന്ദർശിച്ച് വിവര ശേഖരണം നടത്തി വരുന്നു. കൂടാതെ ജി.പി.എസ്. സംവിധാനം ഉപയോഗിച്ച് സംരംഭത്തിൻറെ സ്ഥാനം രേഖപ്പെടുത്തുന്നു. ഇതു പ്രകാരം ലഭിക്കുന്ന വിവരം സംസ്ഥാനാടിസ്ഥാനത്തിൽ സംയോജിപ്പിച്ച് ഒരു വ്യവസായ ഭൂപടം സജ്ജീകരിച്ചിട്ടുണ്ട്. വ്യവസായ ജാലകം പോർട്ടലിലെ നിലവിലുള്ള സംരംഭങ്ങളുടെ വിവരങ്ങൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

### 25. ഹെല്പ് ഡെസ്ക്

സംസ്ഥാനത്തെ 1034 ഗ്രാമ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപറേഷൻ ഓഫീസുകളിൽ തിങ്കൾ, ബുധൻ ദിവസങ്ങളിൽ പ്രവർത്തിക്കുന്ന ഹെൽപ്പ് ഡെസ്കുകൾ നിലവിലുണ്ട്. ഈ ഹെൽപ്പ് ഡെസ്ക്കുകൾ വഴി, പൊതുജനങ്ങൾക്ക് അവരുടെ സംരംഭങ്ങളുമായി ബന്ധപ്പെട്ട സംശയങ്ങളും അതുമായി ബന്ധപ്പെട്ട മറ്റു കാര്യങ്ങളിലും Enterprise Development Executive മാരുടെ സേവനം പ്രയോജനപ്പെടുത്താം.

### 26. ഓൺലൈൻ മാർക്കറ്റിംഗ് പോർട്ടൽ

കേരളത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകരുടെ ഉത്പന്നങ്ങൾക്കും വ്യവസായ വകുപ്പിന്റെ കീഴിലെ പൊതുമേഖല സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾക്കും വിപണി ലഭ്യതക്കായി ഓൺലൈൻ വ്യാപാരത്തിനായുള്ള സംവിധാനമായി ഇ ട്ടൽ (www.keralaemarket.org/ www.keralaemarket.kerala.gov.in) രൂപീകരിച്ചിട്ടുണ്ട് ഈ വെബ് പോർട്ടലിലൂടെ കേരളത്തിലെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും, പൊതുമേഖലാ സ്ഥാപനങ്ങൾക്കും അവരുടെ ഉല്പന്നങ്ങൾക്ക് ദേശീയ അന്തർശിയ തലത്തിൽ വിപണി കണ്ടെത്തുവാൻ സാധിക്കും

### 27. ഭൌമസൂചിക പോർട്ടൽ

സംസ്ഥാനത്തെ ഭൌമ സൂചിക ലഭിച്ചിട്ടുള്ള വിവിധ ഉൽപ്പന്നങ്ങളുടെ പ്രോത്സഹനത്തിനായും അവയ്ക്ക് അനുയോജ്യമായ വിപണി കണ്ടെത്തുന്നതിനായും ഇതിൽ നിന്നുള്ള ലാഭം യഥാർത്ഥ നിർമാതാക്കളിൽ എത്തിക്കുന്നതിനായി ഇത്തരം ഉല്പന്നങ്ങൾക്കായി ഒരു ജി ഐ മാർക്കറ്റിങ്ങ് പോർട്ടൽ ആരംഭിച്ചിട്ടുണ്ട് (www.gikerala.in)

### 28. ഡാറ്റ എൻട്രി പോർട്ടൽ

പുതുതായി ആരംഭിക്കുന്ന സംരംഭങ്ങളുമായി ബന്ധപ്പെട്ട് വിവരങ്ങൾ ശേഖരിക്കുന്നതിനും അവയുമായി ബന്ധപ്പെട്ട കൃത്യമായ കണക്കുകൾ സൂക്ഷിക്കുന്നതിനും ഒരു ഓൺലൈൻ പോർട്ടൽ നിലവിലുണ്ട് (www.yearofenterprises.kerala.gov.in).

### 29. ചാറ്റ് വിത്ത് മിനിസ്റ്റർ

വ്യവസായ സംരംഭകർക്ക് അവരുടെ സംരംഭങ്ങളുമായി ബന്ധപ്പെട്ട സംശയങ്ങളും പരാതികളും അധികൃതരെ അറിയിക്കുവാനുള്ള സംവിധാനം. സംരംഭകർക്ക് അവരുടെ പരാതികൾ / അന്വേഷണങ്ങൾ 9846441445 എന്ന വാട്സാപ്പ് കോൺടാക്റ്റ് നമ്പറിലേയ്ക്ക് സന്ദേശമായിട്ട് അയക്കാവുന്നതാണ്. തുടർന്ന് ജില്ലാതല റിസോഴ്സസ് പേഴ്സൺമാരുടെയും വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥരും അടങ്ങുന്ന സംവിധാനത്തിലൂടെ പരമാവധി 7 ദിവസത്തെ സമയ പരിധിക്കുള്ളിൽ ഇത് പരിഹരിക്കുകയും ഉചിതമായ മറുപടി നൽകുകയും ചെയ്യുന്നതാണ്.

## 30. ONDC Network

സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെയും ചെറുകിട വ്യാപാരികളെയും ഓൺലൈൻ പ്ലാറ്റ്ഫോമുകളിലേക്ക് പ്രവേശനം നേടുന്നതിന് സഹായിക്കുക വഴി അവർക്കു പുതിയ വിപണി അവസരങ്ങൾ സൃഷ്ടിക്കുകയും അത് വഴി ഡിജിറ്റൽ കോമേഴ്സ് മേഖലയിലെ വൻകിട പ്ലാറ്റുഫോമുകളുടെ കുത്തകകൾ കുറയ്ക്കുക എന്നതാണ് ഓപ്പൺ നെറ്റ്വർക്ക് ഫോർ ഡിജിറ്റൽ കോമേഴ്സ് (ONDC) എന്ന പ്ലാറ്ഫോം ലക്ഷ്യമിടുന്നത്. ONDC നെറ്റ്വർക്കിലേക്ക് പ്രൊഡക്ടുകൾ ഓൺബോർഡ് ചെയ്യുന്നതിനുള്ള മാർഗനിർദേശവും പിന്തുണയും ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി നൽകുന്നു.

## 31. KIED വഴി നടപ്പിലാക്കുന്ന പരിശീലന പരിപാടികൾ

സംരംഭങ്ങളുടെ ജീവചക്രത്തിലെ വിവിധ ഘട്ടങ്ങളിൽ സംരംഭകർക്ക് ആവശ്യമായ ശേഷി വികസനത്തിനായി വ്യവസായ വകുപ്പ് വിവിധ പരിശീലന പരിപാടികൾ, സംരംഭർക്കുള്ള ബോധവത്ക്കരണ ക്യാമ്പുകൾ, സെമിനാറുകൾ, സംരംഭകത്വ വികസന പരിപാടികൾ, ടെക്നോളജി ക്ലിനിക്കുകൾ, മേഖലാനുസൃത പരിശീലന പരിപാടികൾ, ഇൻഡസ്ട്രിയലൈസേഷൻ ഡ്രൈവുകൾ, മാർഗ്ഗനിർദ്ദേശങ്ങൾ, തദ്ദേശ സ്ഥാപനങ്ങളിലേക്കും മറ്റ് ലൈൻ ഡിപ്പാർട്ട്മെന്റുകളിലേക്കും ഏജൻസികളിലേക്കും സെൻസിറ്റൈസേഷൻ പ്രോഗ്രാമുകൾ, വകുപ്പിലെ ഓഫീസർമാർക്കുള്ള കാര്യശേഷി വർദ്ധിപ്പിക്കൽ പ്രോഗ്രാമുകൾ എന്നിവ നടത്തി വരുന്നു

വിവിധ മേഖലകളിലെ വിവിധതരം സംരംഭങ്ങളിൽ ഓരോ ഘട്ടത്തിലും നേരിടേണ്ടിവരുന്ന വെല്ലുവിളികളെ കൃത്യമായി പഠിച്ചു സംരംഭകർക്ക് കൃത്യമായ പരിശീലനം നൽകുക എന്നതിലാണ് പ്രാധാന്യം. ഇത്തരത്തിലാണ് ഓരോ പരിശീലനങ്ങളും ആവിഷ്കരിച്ചിട്ടുള്ളത്.

### 16.a) ലോഞ്ച് പാഡ്

വളർന്നു വരുന്ന സംരഭകർക്കായി പ്രത്യേകം തയ്യാറാക്കിയ അഞ്ച് ദിവസത്തെ പ്രോഗ്രാം ആണ് ഇത്. സംരഭം ഫലപ്രദമായി മുന്നോട്ട് കൊണ്ടുപോകാനുള്ള വിദഗ്ധോപദേശം, പരിശീലന കളരികൾ, പഠന യാത്രകൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. സംരഭം തുടങ്ങുന്നതിനുള്ള സർക്കാർ നടപടിക്രമങ്ങളെ കുറിച്ചും ഈ പ്രോഗ്രാമിൽ അവബോധം നൽകുന്നു.

### 16.b) ഗ്രോത്ത് പൾസ്

നിലവിൽ സംരംഭം നടത്തുന്നവർക്കായുള്ള അഞ്ച് ദിവസത്തെ പരിശീലന പരിപാടിയാണ് ഗ്രോത്ത് പൾസ്. സ്വന്തം സംരംഭത്തിന്റെ ഇനിയും ഉപയോഗിക്കാത്ത സാധ്യതകളെ കണ്ടെത്തുക, വിദഗ്ധരുടെ ഉപദേശത്തോടെ വ്യക്തിഗതമായ മാർഗ്ഗനിർദ്ദേശം നൽകുക, പ്രവർത്തനക്ഷമത മെച്ചപ്പെടുത്തുക എന്നിവയാണ് ഈ പ്രോഗ്രാമിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

### 16.c) ടെക് ഹൊറൈസൺ

അത്യാധുനിക സാങ്കേതിക വിദ്യയുമായി സ്വന്തം സംരംഭം സമന്വയിപ്പിക്കുവാൻ ആഗ്രഹിക്കുന്നവർക്ക് അനുയോജ്യമാണ് ഈ ത്രിദിന പ്രോഗ്രാം. പുത്തൻ സാങ്കേതികവിദ്യകളെ പരിചയപ്പെടുത്തുന്നതിനോടൊപ്പം അവ സ്വന്തം സ്ഥാപനത്തിൽ ഏർപ്പെടുത്തുന്നതിനുള്ള സഹകരണവും ഇതിലൂടെ നൽകുന്നു.

### 16.d) മാർക്കറ്റ് മിസ്ട്രി

വിപണി സാന്നിദ്ധ്യം വർധിപ്പിക്കാനും മികച്ച പരസ്യ തന്ത്രങ്ങൾ അവലംബിക്കാനും സംരഭകരെ പ്രാപ്തരാക്കുന്ന മൂന്ന് ദിവസത്തെ പ്രോഗ്രാമാണ് ഇത്. ഉപഭോക്തൃ സേവനം, ആശയവിനിമയ പ്രാവിണ്യം എന്നിവ ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

### 16.e) ബിസിനസ്സ് ഇൻക്യുബേഷൻ പ്രോഗ്രാം (BIP)

പുതിയ ബിസിനസ്സ് സംരംഭങ്ങൾ തുടങ്ങുവാൻ ആഗ്രഹിക്കുന്നവർക്കായുള്ള ഐഡിയ ജനറേഷൻ, ഐസ് ബ്രേക്കിംഗ്, പ്രൊജക്റ്റ് റിപ്പോർട്ട്, മാർക്കറ്റിങ്, കമ്പനി രജിസ്ട്രേഷൻ നടപടിക്രമങ്ങൾ, സംരംഭകൻ അറിഞ്ഞിരിക്കേണ്ട ബിസിനസ്സ് നിയമ വശങ്ങൾ, പുതിയ സംരംഭങ്ങൾക്കായുള്ള സർക്കാരിന്റെ വിവിധ പദ്ധതികൾ, ബാങ്കുകളിൽ നിന്നുള്ള വായ്പകൾ തുടങ്ങി പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിനായുള്ള വിശദമായ സിലബസ് അടങ്ങിയ 10 ദിവസത്തെ റെസിഡൻഷ്യൽ പ്രോഗ്രാം ആണ് ബിസിനസ്സ് ഇൻക്യുബേഷൻ പ്രോഗ്രാം.

### 16.f) ബിസിനസ്സ് എസ്റ്റാബ്ലിഷ്മെന്റ് പ്രോഗ്രാം (BEP)

നിലവിൽ ബിസിനസ്സ് തുടങ്ങിയവർക്കായി അവരുടെ മേഖലയിൽ എന്തെങ്കിലും ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ടെങ്കിലോ, ഉദ്ദേശിച്ച വളർച്ച കൈവരിക്കാൻ കഴിയാതെവരികയോ പോലുള്ള പ്രശ്നങ്ങൾ നേരിടുന്നുണ്ടെങ്കിൽ, ആ പ്രശ്നങ്ങളെ പഠിച്ചു അവയ്ക്കുള്ള കൃത്യമായ പരിഹാരം കണ്ടെത്തി തങ്ങളുടെ ബിസിനസ്സിന്റെ വളർച്ചയ്ക്ക് സഹായിക്കുന്ന ട്രെയിനിങ് ആണ് ബിസിനസ്സ് എസ്റ്റാബ്ലിഷ്മെന്റ് പ്രോഗ്രാം. ഈ പരിശീലനത്തിലൂടെ ബ്രാൻഡിംഗ്, പാക്കേജിങ്, ഡിജിറ്റൽ മാർക്കറ്റിങ് സാദ്ധ്യതകൾ, സമയ/ സ്ട്രെസ്സ് മാനേജ്മെന്റ്, വിവിധ മേഖലകളിൽ വിജയിച്ച സംരംഭകരുമായുള്ള അനുഭവങ്ങൾ പങ്കുവയ്ക്കൽ തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു. 7 ദിവസമാണ് ഈ പരിശീലനം.

### 16.g) ബിസിനസ്സ് ആക്സിലറേഷൻ പ്രോഗ്രാം (BAP)

നിലവിൽ വിജയകരമായി നടന്നുവരുന്ന സംരംഭങ്ങളെ അടുത്ത തലത്തിലേക്ക് ഉയർത്തുന്നതിനായി KIED ആവിഷ്കരിച്ച 10 ദിവസത്തെ പരിശീലന പരിപാടിയാണ് ബിസിനസ്സ് ആക്സിലറേഷൻ പ്രോഗ്രാം. ഈ പരിശീലനത്തിലൂടെ നേതൃത്വപരമായ കഴിവുകളെയും, ധനകാര്യ മാനേജ്മെന്റ്, മാർക്കറ്റിങ് തന്ത്രങ്ങൾ, മാർക്കറ്റിങ് മേഖലയിലെ ആശയവിനിമയ മാർഗങ്ങൾ തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.

### 16.h) വനിത സംരംഭകത്വ പരിശീലനം (WEP)

സംരംഭങ്ങൾ തുടങ്ങാൻ താത്പര്യപ്പെടുന്നവരായ വനിതകൾക്കായി KIED ആവിഷ്കരിച്ച സംരംഭകത്വ പരിശീലന പരിപാടിയാണ് വനിത സംരംഭകത്വ പരിശീലനം. 10 ദിവസമാണ് ഈ പരിശീലനം.

# കേരള സംസ്ഥാന വ്യവസായ വികസന കോർപറേഷൻ ( കെ.എസ്. ഐ. ഡി.സി )

## ലോൺ സ്കീമുകൾ

### 1. സി എം സ്പെഷ്യൽ അസ്സിസ്റ്റൻസ് സ്കീം.

- മുഖ്യമന്ത്രിയുടെ പ്രത്യേക ധനസഹായ പദ്ധതിയിലൂടെ 1 കോടി മുതൽ 5 കോടി രൂപ വരെ വായ്പ.
- പുതിയ സംരംഭം ആരംഭിക്കുന്നതിനും നിലവിലുള്ള സംരംഭങ്ങള് വിപുലീകരിക്കുന്നതിനും ആധുനികവത്ക്കരിക്കുന്നതിനുമാണ് ധനസഹായം.
- 60 വയസ്സിൽ താഴെ പ്രായമുള്ള സംരംഭകൾ ആയിരിക്കണം
- പദ്ധതി ചെലവിന്റെ 80% വരെ വായ്പ.
- തിരിച്ചടവ് കാലാവധി 5 വർഷം.
- ഒരു വർഷത്തെ മൊറട്ടോറിയം.
- പലിശ നിരക്ക് 5.50%. (സർക്കാരിൽ നിന്നുള്ള 3% പലിശ ഇളവിന് ശേഷം)
- കൃത്യമായ തിരിച്ചടവിന് 0.5% പലിശ കിഴിവ്.
- സെക്യൂരിറ്റി : 100%

### 2. ടേം ലോൺ

- സംരംഭങ്ങൾക്ക് ഒരു കോടി മുതൽ 60 കോടി വരെ ധനസഹായം
- സംരംഭങ്ങൾ ആരംഭിക്കാനും വിപുലീകരിക്കുന്നതിനും നവീകരിക്കുന്നതിനും ആധുനികവത്ക്കരിക്കുന്നതിനും
- ആറ് വർഷം മുതൽ 10 വർഷം വരെ തിരിച്ചടവ് കാലാവധി.
- ഒന്ന് മുതൽ രണ്ട് വർഷം വരെ മൊറട്ടോറിയം.
- 8.50 മുതൽ 10.50 വരെയാണ് പലിശ.
- കൃത്യമായ തിരിച്ചടവിന് 0.5% പലിശ കിഴിവ്.
- സെക്യൂരിറ്റി : 133.33%

### 3. യന്ത്ര സാമഗ്രികൾ വാങ്ങുന്നതിനുള്ള വായ്പ

- നിലവിലുള്ള യൂണിറ്റുകൾക്ക് പുതിയ യന്ത്ര സാമഗ്രികൾ വാങ്ങുന്നതിനായി 2 കോടി മുതൽ 20 കോടി വരെ വാ

യ്പാസഹായം
- പദ്ധതി ചിലവിന്റെ 77.5 ശതമാനം വായ്പയായി നൽകുന്നു
- അഞ്ച് വർഷം മുതൽ എട്ട് വർഷം വരെ തിരിച്ചടവ് കാലാവധി.
- ആറ് മാസത്തെ മൊറട്ടോറിയം.
- കൃത്യമായ തിരിച്ചടവിന് 0.5% പലിശ കിഴിവ്.
- സെക്യൂരിറ്റി : 133.33%

## 4. കോർപ്പറേറ്റ് ലോൺ

- നിലവിൽ പ്രവർത്തിക്കുന്ന നല്ല ട്രാക്ക് റെക്കോർഡ് ഉള്ള പ്രൈവറ്റ് / പബ്ലിക് ലിമിറ്റഡ് കമ്പനികൾക്ക് ആസ്തി മേടിക്കുന്നതിനോ / ഓഹരി മേടിക്കുന്നതിനോ / വിപുലീകരണത്തിനോ / പ്രവർത്തന മൂലധനത്തിനയോ രണ്ട് കോടി മുതൽ നാൽപത് കോടി വരെ വായ്പ.
- സംരംഭകരുടെ അധിക നിക്ഷേപം ഇല്ലാതെ നിലവിലുള്ള കമ്പനികളുടെ പ്രവർത്തനം വിലയിരുത്തി വായ്പ അനുവദിക്കുന്നു.
- അഞ്ച് വർഷം മുതൽ എട്ട് വർഷം വരെ തിരിച്ചടവ് കാലാവധി .
- 6 മുതൽ 12 മാസം വരെ മൊറട്ടോറിയം.
- 8.50 ശതമാനം മുതൽ 10.50 ശതമാനം വരെയാണ് പലിശ.
- കൃത്യമായ തിരിച്ചടവിന് 0.5% പലിശ കിഴിവ്.
- സെക്യൂരിറ്റി : 150%

## 5. പ്രവർത്തന മൂലധന വായ്പ

- നിലവിൽ പ്രവർത്തിക്കുന്ന നല്ല ട്രാക്ക് റെക്കോർഡ് ഉള്ള വ്യവസായ ങ്ങൾക്ക് പ്രവർത്തന മൂലധനത്തിനായി വായ്പ
- നിലവിലുള്ള കമ്പനികളുടെ പ്രവർത്തനം വിലയിരുത്തി യാണ് വായ്പ അനുവദിക്കുന്നത്
- സംരംഭങ്ങൾക്ക് 2 കോടി മുതൽ 25 കോടി വരെ ധനസഹായം
- തിരിച്ചടവ് കാലാവധി അഞ്ച് വർഷം മുതൽ എട്ട് വർഷം വരെയാണ്
- 8.50 ശതമാനം മുതൽ 10.50 ശതമാനം വരെയാണ് പലിശ.
- കൃത്യമായ തിരിച്ചടവിന് 0.5% പലിശ കിഴിവ്.
- സെക്യൂരിറ്റി : 133.33%

## 6. ബിൽ ഡിസ്കൗണ്ടിങ്

- ഗവൺമെന്റ് ഡിപ്പാർട്ട്മെന്റിലോ /ഏജൻസിയിലോ /പി എസ് യു കളിലോ കോൺട്രാക്ട് വർക്കുകൾ ഏറ്റെടുക്കുന്നവർക്ക് 2 കോടി മുതൽ 5 കോടി വരെ വായ്പ.
- 3 വർഷത്തിലധികം പ്രവൃത്തിപരിചയം ഉള്ള പാർട്ണർഷിപ്പ് ഫേമുകൾ ആയോ കമ്പനികൾ ആയോ രജിസ്റ്റർ ചെയ്തിട്ടുള്ള കോൺട്രാക്റ്റേഴ്സിനാണ് ഈ വായ്പ ലഭ്യമാകുന്നത്
- ട്രഷറിയിലേയ്ക്ക് ബിൽ സബ്മിറ്റ് ചെയ്തിട്ടുള്ള ക്ലാസ് എ /ബി കോൺട്രാക്റ്റേഴ്സ് ആയിരിക്കണം
- അപേക്ഷകരുടെ മുൻകാല പ്രവർത്തന റിപ്പോർട്ട് കൂടി പരിഗണിച്ചാണ് വായ്പ നൽകുക
- മൊത്തം കോൺട്രാക്ട് തുകയുടെ 80 ശതമാനം വരെയാണ് വായ്പ ലഭ്യമാകുക.
- തിരിച്ചടവ് കാലാവധി ഒരുവർഷം
- 10.50 ശതമാനം പലിശ.

## 7. വി മിഷൻ

- വി മിഷൻ പദ്ധതിയിലൂടെ നിലവിലുള്ള വനിതാ സംരംഭകരെ അവരുടെ ബിസിനസ്സ് വർധിപ്പിക്കാൻ ഫാക്ടറിയുടെ വിപുലീകരണം / ആധുനികവൽക്കരണം/ ബൾക്ക് ഓർഡറുകൾ /സർട്ടിഫിക്കേഷൻ, ഐഎസ്ഒ, എഫ്എസ്എസ്എഐ, അഗ്മാർക്, പേറ്റന്റുകൾ, വ്യാപാരമുദ്രകൾ തുടങ്ങിയ അംഗീകാരങ്ങൾ നിറവേറ്റുന്നതിനുള്ള ഉപകരണങ്ങൾ/അസംസ്കൃത വസ്തുക്കൾ വാങ്ങൽ, പ്രവർത്തനങ്ങളുടെ വൈവിധ്യവൽക്കരണം എന്നിവക്കായി 7.50 ശതമാനം പലിശയിൽ 50 ലക്ഷം രൂപ വരെ വായ്പയായി നൽകുന്നു.
- പദ്ധതി ചിലവിന്റെ 80% വരെ വായ്പ. തിരിച്ചടവ് കാലാവധി 6 വർഷം അതിൽ 6 മാസം മൊറട്ടോറിയം. നിലവിൽ പ്ലാൻ ഫണ്ട് ഉപയോഗപ്പെടുത്തിയാണ് ഈ പദ്ധതി നടപ്പാക്കി വരുന്നത്.

## 8. സീഡ് ഫണ്ട് പദ്ധതി

- നൂതന സാധ്യതയുള്ള സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്ക് പ്രാരംഭ ഘട്ടത്തിൽ പരമാവധി 25 ലക്ഷം രൂപ വരെ വായ്പ നൽകുന്ന പദ്ധതി.
- ആരോഗ്യമേഖല, കൃഷി, വെബ് ആൻഡ് ആപ്ലിക്കേഷൻ ഡവലപ്മെന്റ്, ഇ കോമേഴ്സ്, എഞ്ചിനീയറിംഗ്, ആയുർവേദം, ധനകാര്യം, സിനിമപരസ്യമേഖല, വിദ്യാഭ്യാസം, എച്ച്ആർ ബയോടെക്നോളജി , ഡിഫെൻസ് ടെക്നോളജി തുടങ്ങി

യവ ഉൾപ്പെടുന്ന നിരവധി ടെക്നിക്കൽ മേഖലകൾക്കാണ് സഹായം.

- പദ്ധതി ചിലവിന്റെ 90% വരെ വായ്പ. പലിശ നിരക്ക് 6.75% (റിസർവ് ബാങ്ക് പോളിസി ബാങ്ക് റേറ്റ് അടിസ്ഥാനമാക്കിയാണ് പലിശ). 4 വർഷം വരെ തിരിച്ചടവ് കാലാവധി അതിൽ 1 വർഷം മൊറട്ടോറിയം.

## 9. സ്കെയിൽ അപ്പ് പദ്ധതി

- സ്റ്റാർട്ടപ്പ് വിപുലീകരണത്തിന് സ്കെയിൽ അപ്പ് പദ്ധതിയിലൂടെ ഒരു കോടി രൂപ വരെ വായ്പ നൽകുന്ന പദ്ധതി.
- പ്രാരംഭ ഘട്ടം വിജയകരമായി പൂർത്തിയാക്കുകയും ഉത്പന്നം / സേവനം വാണിജ്യ വത്ക്കരിച്ചിട്ടുള്ളതുമായ സ്റ്റാർട്ടപ്പുകൾക്ക് സംരംഭത്തിൻറെ വളർച്ച ഘട്ടത്തിൽ പ്രവർത്തന മേഖല വിപുലീകരിക്കുന്നതിനാണ് ധനസഹായം .ഏഴ് ശതമാനമാണ് പലിശ. 4 വർഷം വരെ തിരിച്ചടവ് കാലാവധി അതിൽ 1 വർഷം മൊറട്ടോറിയം.

# മറ്റു പ്രധാന സേവനങ്ങൾ

## 10. കെ-സ്വിഫ്റ്റ് (K-SWIFT)

- വ്യവസായ സംരംഭങ്ങൾക്ക് വേണ്ട അനുമതികൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിന് സഹായിക്കുന്ന ഓൺലൈൻ ഏകജാലക സംവിധാനം കെസ്വിഫ്റ്റ്, 2019 ഫെബ്രുവരിയിൽ നിലവിൽ വന്നു. നിലവിൽ 21 വിവിധ വകുപ്പുകളുടെ 90 അനുമതികൾ ഈ സംവിധാനം വഴി സംരംഭകന് ലഭ്യമാകും. തദ്ദേശസ്വയംഭരണവകുപ്പ്, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, ഫാക്ടറീസ് ആൻഡ് ബോയ്‌ലേഴ്സ്, ലീഗൽ മെട്രോളജി, തൊഴിൽ, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, ഭൂഗർഭജലവകുപ്പ്, കേരള വാട്ടർ അഥോറിറ്റി, നാഗരാസൂത്രണം, ഫയർ & റെസ്ക്യൂ, കൃഷി എന്നീ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും വിവിധ അനുമതികളാണ് കെസ്വിഫ്റ്റ് വഴി ലഭ്യമാകുന്നവ. പുതിയ സംരംഭങ്ങൾക്ക് അനുമതി നൽകുന്നതോടൊപ്പം തന്നെ നിലവിലുള്ള വ്യവസായങ്ങളുടെ അനുമതികൾ പുതുക്കിനൽകുന്നതിനും കെസ്വിഫ്റ്റ് ഇപ്പോൾ സജ്ജമാണ്.

- ഒരു മൊബൈൽ നമ്പറും ഇമെയിൽ വിലാസവും ഉപയോഗിച്ച് കെസ്വിഫ്റ്റിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്. ലോഗിൻ ചെയ്തതിനുശേഷം സംരംഭത്തിന്റെ വിശദവിവരങ്ങൾ ഒരു ചോദ്യാവലിക്ക് ഉത്തരമായി നൽകിയാൽ, പോർട്ടൽ തന്നെ ആവശ്യമായ അനുമതികൾ ഏവയാണെന്ന് ലിസ്റ്റ് ചെയ്യുന്നതാണ്. ശേഷം ഒരു പൊതു അപേക്ഷാഫോറം പൂരിപ്പിച്ചുകഴിഞ്ഞാൽ ആവശ്യമായ അനുമതി ഏതാണെന്ന് തിരഞ്ഞെടുത്ത് നിശ്ചിത അപേക്ഷാഫീസും, അനുമതികൾക്കായുള്ള ഫീസും പോർട്ടലിൽക്കൂടി ഓൺലൈനായി അടക്കാവുന്നതാണ്. അപേക്ഷയുടെ തൽസ്ഥിതി എസ്. എം. എസ്./ ഇമെയിൽ വഴി സംരംഭകനെ അറിയിക്കുന്നതിനും കെസ്വിഫ്റ്റിൽ സംവിധാനമുണ്ട്. ബന്ധപ്പെട്ട വകുപ്പുകൾ/ സ്ഥാപനങ്ങൾ അപേക്ഷകൾ പരിശോധിച്ച് അനുമതികൾ നൽകുമ്പോൾ അവ പോർട്ടലിൽനിന്ന്തന്നെ ഡൗൺലോഡ് ചെയ്യാനും സാധിക്കും.
- പൂർണ്ണനിലക്ക് സമർപ്പിച്ച അപേക്ഷകളിന്മേൽ സംസ്ഥാന നിയമങ്ങൾക്ക് കീഴിലുള്ള അനുമതികൾ 30 ദിവസത്തിനുള്ളിൽ തീർപ്പുകൽപ്പിക്കുന്നതിന് കെസ്വിഫ്റ്റിൽ സംവിധാനം ഒരുക്കിയിട്ടുണ്ട്. നിശ്ചിത സമയത്തിനുള്ളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അപ്രകാരം നടപടി എടുത്തില്ലെങ്കിൽ കൽപ്പിത അനുമതി നൽകുന്നതിനു വേണ്ടിയാണ് ഈ സംവിധാനം രൂപകൽപ്പന ചെയ്തിട്ടുള്ളത്.

## 11. കെ–സ്വിഫ്റ്റ് അക്നോളഡ്ജ്മെന്റ് സർട്ടിഫിക്കറ്റ്


- 50 കോടി രൂപയിൽ താഴെ മുതൽ മുടക്കുള്ളതും സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡങ്ങൾ പ്രകാരം ചുവപ്പു വിഭാഗത്തിൽപ്പെടാത്തതുമായ ഏതൊരു എം എസ് എം ഇ സംരംഭം തുടങ്ങുന്നതിനും, സംസ്ഥാന നിയമങ്ങൾക്ക് കീഴിൽവരുന്ന ചില അനുമതികൾ 3 വർഷത്തേക്ക് ഒഴിവാക്കിക്കൊണ്ടുള്ളതാണ് കേരള സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കൽ നിയമം.
- ഡെവലപ്മെന്റ് പെർമിറ്റ്, പ്ലിന്ത് ഏരിയ 20,000 ചതുരശ്ര അടിയിൽ കൂടാത്തതും, ഉയരം 15 മീറ്ററിൽ കൂടാത്തതുമായ കെട്ടിടങ്ങൾക്കുള്ള ബിൽഡിങ് പെർമിറ്റ്, ലേഔട്ട് അനുമതി, ഫാക്ടറികളും, യന്ത്രസാമഗ്രികളും സ്ഥാപിക്കുന്നതിനുള്ള അനുമതി, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന ലൈസൻസ്, എന്നിവ 3 വർഷത്തേക്ക് ഒഴിവാക്കപ്പെട്ട അനുമതികളിൽ ചിലതാണ്.

- കെസ്വിഫ്റ്റ് പോർട്ടലിലൂടെ മൊബൈൽ ഫോൺ നമ്പർ, ഇമെയിൽ വിലാസം എന്നിവ ഉപയോഗിച്ച് രജിസ്റ്റർ ചെയ്ത ആർക്കും ഒരു സ്വയം സാക്ഷ്യപത്രം സമർപ്പിച്ച് അനുമതിപത്രം (അക്നോളഡ്ജ്മെന്റ് സർട്ടിഫിക്കറ്റ്) ഉടൻ ലഭ്യമാക്കുന്നതിന് ഇത് വഴി സംരംഭകന് സാധിക്കും. 3 വർഷം കഴിഞ്ഞ് 6 മാസത്തിനുള്ളിൽ മേൽപറഞ്ഞ അനുമതികൾ ലഭ്യമാക്കിയാൽ മതിയാവും. ഇക്കാലയളവിൽ വ്യവസായ സ്ഥാപനങ്ങളിൽ ബന്ധപ്പെട്ട വകുപ്പുകൾ പരിശോധനകൾ നടത്തുന്നത് ഒഴിവാക്കിയിട്ടുണ്ട്.
- അക്നോളഡ്ജ്മെന്റ് സർട്ടിഫിക്കറ്റിന്റെ നമ്പർ, ടി സർട്ടിഫിക്കറ്റിന്റെ കാലയളവിൽ സ്ഥാപനത്തിന്റെ താൽക്കാലിക കെട്ടിട നമ്പറായി പരിഗണിക്കാം എന്ന് സർക്കാർ അംഗീകരിച്ചിട്ടുണ്ട്.

## 12. ഇൻവെസ്റ്റ് കേരള ഹെല്പ് ഡെസ്ക്

- വ്യവസായ സംരംഭകരുടെ വിവിധ സംശയങ്ങളും ആകുലതകളും ദൂരീകരിക്കുന്നതിന് വ്യവസായ വകുപ്പിന് കീഴിൽ ഒരു പ്രത്യേക കോൾ സെൻറർ പ്രവർത്തിച്ചു വരുന്നു. "1800 890 1030" എന്ന ടോൾ - ഫ്രീ നമ്പർ മുഖേനെ ഈ കോൾ സെന്ററിന്റെ സേവനം ലഭ്യമാക്കാം. പ്രസ്തുത കോൾ സെൻറർ 'ഇൻവെസ്റ്റ് കേരള ഹെല്പ് ഡെസ്ക്' എന്നാണ് അറിയപ്പെടുന്നത്. 6 എക്സിക്യൂട്ടീവുകളുടെ സഹായത്തോടെ കെ.എസ്.ഐ.ഡി.സി - യുടെ കീഴിൽ പ്രവർത്തിച്ചുവരുന്ന ഈ കോൾ സെൻറർ ഹെല്പ് ഡെസ്ക്, എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ എട്ട് മണി മുതൽ രാത്രി എട്ട് മണി വരെ പ്രവർത്തനനിരതമാണ്.
- വ്യവസായ സംരംഭം സ്ഥാപിക്കുന്നതിനും പ്രവർത്തിപ്പിക്കുന്നതിനും അടിസ്ഥാനമായ വിവിധ നിയമങ്ങളെയും, ചട്ടങ്ങളേയും, നിയന്ത്രണങ്ങളെയും സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കൽ; വ്യവസായികൾ, സംരംഭകർ മുതലായവരുടെ സംശയങ്ങളും നിർദേശങ്ങളും റെക്കോഡ് ചെയ്തും മറ്റു വിധേയനും അതതു വകുപ്പിലെ ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടുത്തൽ; സംരംഭങ്ങൾക്കാവശ്യമായ വിവിധ ലൈസൻസുകൾ, പെർമിറ്റുകൾ, ക്ലിയറൻസുകൾ മുതലായവയെ പറ്റിയുള്ള കൃത്യമായ വിവരങ്ങൾ നൽകൽ; നാഷണൽ ഇൻഫോർമാറ്റിക്സ് സെൻററുമായി (NIC) സഹകരിച്ച് കെസ്വിഫ്റ്റ് ഓൺലൈൻ ഏകജാലക സംവിധാനത്തെ പറ്റിയുള്ള വിവരങ്ങളും അതിലൂടെ അപേക്ഷകൾ സമർപ്പിക്കുമ്പോളുണ്ടായേക്കാവുന്ന സംശയങ്ങൾ ദൂ

രീകരിക്കൽ; വ്യവസായ വിജ്ഞാന ശേഖരമായ 'ഇൻവെസ്റ്റ് കേരള' (invest.kerala.gov.in) എന്ന വെബ്പോർട്ടൽ വഴി നിക്ഷേപകർക്കാവശ്യമായ വിവരങ്ങൾ ലഭ്യമാക്കൽ; സംരംഭകർക്ക് വിവിധ സർക്കാർ ഏജൻസികൾ ലഭ്യമാക്കുന്ന വായ്പകളെ കുറിച്ചുള്ള അവബോധം നൽകൽ; വ്യവസായം ആരംഭിക്കുന്നതിന് വേണ്ട ഭൂമി മറ്റു അടിസ്ഥാനസൗകര്യങ്ങൾ മുതലായവയെ പറ്റിയുള്ള വിവരം ലഭ്യമാക്കൽ എന്നിവയാണ് പ്രസ്തുത ഹെല്പ് ഡെസ്കിന്റെ മുഖ്യ ചുമതലകൾ.



വ്യവസായ വാണിജ്യ വകുപ്പ്

# സേവനങ്ങളും പദ്ധതികളും

## സംരംഭകർക്കുള്ള

# കൈപ്പുസ്തകം

കേരള സർക്കാർ

**വ്യവസായ വാണിജ്യ ഡയറക്ടറേറ്റ്**

3ാം നില, വികാസ് ഭവൻ, തിരുവനന്തപുരം 695 033

04712302774 04712305493

industriesdirectorate@gmail.com

www.industry.kerala.gov.in

Printed by the Superintendent of Govt. Presses at the Govt. Press, Mannanthala , Thiruvananthapuram-2023